സുഹൃൽ സൗഹിതോപഹാരം.

# ഒരു സതി.

(സുലോചന.)

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ഗ്രന്ഥകർത്താ,

വിദ്വാൻ, കണ്ണനുഴ, കൃഷ്ണവാരിയർ,

തിരുവനന്തപുരം.

K. S. K. Warrier

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL
946
696

പ്രസാധകൻ,

പി. ശ്രീകുമാരൻനായർ.

S. V. Press, Trivandrum.

൧൦൮൭ കന്നി.

Price 2 Annas.] [വില ൨ അണ

ഗ്രന്ഥകർത്താവിന്റെ കയ്യൊപ്പില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

S. V. Press, Trivandrum.

Price 2 Annas.]

# അവതാരിക.

E966

മലയാളഭാഷയുടെ ഭാസുരമായ ഭാവിയെ പ്രദ്യോതിപ്പിക്കുന്ന പല പ്രയത്നങ്ങളും, സാഹിത്യപ്രണയികളായ മലയാളികൾ ചെയ്തുവരുന്ന കാലമാണല്ലോ ഇത്. ൧൧൦൨-ൽ ഇടപ്പള്ളിയിൽ വെച്ചും, ൧൧൦൩-ൽ തൃശ്ശിവപേരൂർ വെച്ചും നടന്നതും, ഈ കൊല്ലം കോട്ടയ്ക്കൽ വെച്ച് നടക്കാൻ പോകുന്നതുമായ കേരളസാഹിത്യപരിഷത്തുകൾ, ഈ അഭിപ്രായത്തെ സാധൂകരിക്കുന്നുണ്ട്. ധനവാന്മാരും പണ്ഡിതന്മാരുമായ മലയാളികൾക്ക് മാതൃഭാഷാപ്രണയം പ്രബുദ്ധമായി കഴിഞ്ഞിരിക്കുന്നുവെന്നുള്ളതിന് വേറെയും പല ഉദാഹരണങ്ങൾ പറയാൻ കഴിയും. അവയിലൊന്നാണ് തിരുവനന്തപുരത്ത് വിദ്വാന്മാരുടെ ഗൃഹങ്ങളിൽ വെച്ച് കൂടെക്കൂടെ നടന്നുവരാറുള്ള സാഹിത്യസമാജങ്ങൾ. ഇപ്രകാരം അഭീഷ്ടദാനപ്രവണരായ കാമുകന്മാരാൽ സോല്ലാസം ലാളിതയായ കൈരളിയുടെ സൌഭാഗ്യം സുപ്രതിഷ്ഠിതം തന്നെയെന്ന് നിശ്ശങ്കം പറയാം.

താദൃശന്മാരായ കൈരളീകാമുകന്മാരിൽ ഒട്ടും അപ്രധാനനല്ലാത്ത ഒരു രസികയുവാവാണ് മി. കണ്ണമ്പുഴ കൃഷ്ണവാര്യർ. സാരസ്വതനിർജ്ഝരമെന്ന് പണ്ഡിതാ

ഗ്രേസരനായ ഉള്ളൂർ പരമേശ്വരയ്യർപോലും കൊണ്ടാടി ട്ടുള്ള ബ്രഹ്മശ്രീ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാവവർകളുടെ അന്തേവാസിയാകാൻ ഭാഗ്യം ലഭിച്ച മി. വാര്യരുടെ വാക്പടുതയെപ്പററി പ്രത്യേകമൊന്നും പറയേണ്ട ആവശ്യമില്ല. സരസകവിയായ മി. എം. ആർ. കൃഷ്ണവാര്യർ അവർകളുടെ സാഹചര്യവും ഈ യുവാവിൻെറ കവിതാസ്വാദനനൈപുണിയേയും, കാവ്യനിർമ്മാണപാടവത്തേയും, സവിശേഷം പോഷിപ്പിച്ചിട്ടുണ്ട്. അവ മാസികകൾ മുഖേനയും പത്രങ്ങൾ മുഖേനയും ബഹുജനദൃഷ്ടിക്കു ലക്ഷ്യീഭവിച്ചിട്ടുമുണ്ട്. അതുകൊണ്ട് മി. വാര്യരുടെ കൃതിക്കു ഒരവതാരികയെഴുതേണ്ട ആവശ്യമുണ്ടെന്നെനിക്കു തോന്നുന്നില്ല. യുവകവികൾക്കു തോന്നുന്ന ആത്മവിശ്വാസക്കുറവായിരിക്കണം അവതാരികാനിർമ്മാണവിഷയത്തിൽ എന്നെ ഉത്സാഹിപ്പിക്കുന്നതിനു മി. വാര്യരെ പ്രേരിപ്പിച്ചതു്. ഇഷ്ടജനവചനം തള്ളിക്കളയരുതെന്നു കരുതിയാണു ഞാനിതിനൊരുമ്പെട്ടതും.

രാമായണകഥയിലെ അത്യന്തം വികാരതരളിതമായ ഒരു വിചാരചാരുഘട്ടമാണു ഈ ഖണ്ഡകൃതി ചിത്രീകരിച്ചിരിക്കുന്നതു്. രാമരാവണയുദ്ധത്തിന്റെ നാന്ദിയായ മേഘനാദവധം കഴിഞ്ഞയുടൻ തന്നെ ആ ഇന്ദ്രവൈരിയുടെ നികൃത്തമായ ഹസ്തം ഉപദേശിച്ചതനുസരിച്ചു്, രാമദർശനലോലുപയും കാന്താനുമരണേച്ഛുവുമായ സുലോചന എന്ന സതീരത്നം രാമനെ സന്ദർശിക്കുന്നതും, ആശ്ചര്യപരതന്ത്രന്മാരായ ഹനുമദാദി വാനരന്മാരുടെ

മുമ്പിൽ വെച്ച് തന്നെ പത്നിവേശിതമായ മേഘനാദ ശീഷത്തിൻെറ അനുഗ്രഹത്തോടുകൂടി അവരം പതിവ്ര താനുഗുണമായ വിധത്തിൽ സ്വജഡത്തെ അഗ്നിസാൽ ക്കരിക്കുന്നതുമാണു് കഥാവസ്തു. അനേകരസവിരാജമാന ങ്ങളായ ദീൎഘദീൎഘകഥകളെ ഉപേക്ഷിച്ച്, പരിഷ്കൃത രെന്നു് വിചാരിക്കപ്പെട്ടുപോരുന്ന പാശ്ചാത്യരുടെ രീ തിയെ അനുസരാധിച്ച് ശക്തിമത്തായ ഏകവികാരത്താൽ വിക്ഷുബ്ധങ്ങളായ ചെറുകഥകളെയാണു് ഇപ്പോരം മലയാ ളികരം കവിതാവിഷയങ്ങളായി സ്വീകരിച്ചിരിക്കുന്നതു്. അവയ്ക്കു് മനുഷ്യരുടെ ഹൃദയങ്ങളെ ഹാൎദ്ദാകഷിക്കുന്നതി നും, അവയെ വശീകരിച്ച് മാലിന്യങ്ങളെ ദൂരീകരിച്ച് സത്വമയമാക്കുന്നതിനുമുള്ള ശക്തി ക്രമത്തിലധികമുണ്ടു്. മി. വാര്യരും ആ ഉദ്ദേശ്യത്തോടുകൂടിത്തന്നെയാണു് ഈ ചെറുകവിത രചിച്ചിട്ടുള്ളതെന്നു് തോന്നുന്നു.

മി. വാര്യർ ഒരു വാസനാകവിയും, സാമാന്യം പാ ണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ഒരു സഹൃദയനുമാണെന്നു് ഈ ഖണ്ഡകൃതിയിലേതുഭാഗവുംവിളിച്ചുപറയും.ശ്ലോകങ്ങളുദ്ധ രിച്ച് അവയുടെ സാരസ്യം വെളിപ്പെടുത്തി സഹൃദയന്മാ രുടെ അവകാശങ്ങളെ ഞാൻ അപഹരിക്കുന്നില്ല. മി. വാ ര്യരുടെ ഔചിത്യബുദ്ധി കവിതയിൽ പല ഭാഗങ്ങളിലും തെളിഞ്ഞു കാണുന്നുണ്ടു്. ൧൦-ാം പദ്യംകൊണ്ടു് സുലോച നയുടെ അഭ്യൎത്ഥന നിമിത്തം വാനരന്മാരിൽ പൊതുവേയു ണ്ടായ ഭാവഭേദം വെളിപ്പെടുത്തിയതിനുശേഷം ഹനുമാ നെക്കൊണ്ടു് പ്രത്യേകമൊന്നു് പറയിച്ചതു് വളരെ ഉചി

ത്ഥമായിട്ടുണ്ട്. മി. വാര്യർ ഇപ്രകാരം പല കൃതികളുമെഴുതി കൈരളീദേവിയെ കൃതാൎത്ഥയാക്കുമെന്നും, അദ്ദേഹത്തിന്റെ പരിശ്രമത്തെ നിൎമ്മത്സരന്മാരായ സഹൃദയന്മാർ സസന്തോഷം അഭിനന്ദിക്കുമെന്നും ആശിച്ചുകൊണ്ട് ഞാൻ ഈ സൽഗ്രന്ഥത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം, ൫-൨-'൮൪. വി. രാമകൃഷ്ണപിള്ള, എം. ഏ; എൽ. റ്റി.

# ഒരു സതി

(സുലോചന)

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL
E. 466
9467
GRANDHASALA

ഖരകിരണനനല്പമാം ശ്രമത്താൽ
പരവശനായ് ചരമാദ്രി പൂകിടുമ്പോൾ,
സുരവരരിപുവൈരിയെ സ്വകാങ്കേ
വിരവൊടു ചേർത്തു വസിച്ചിരുന്നു രാമൻ. (൧)

പടയിലെതിരെഴാതജയ്യനായ് പേ-
രുടയൊരു രാവണിയേ വധിച്ച പോരിൽ
ഉടലിൽ മുറിവിയന്നിടത്തു മന്ദം
തടവിയവൻ സഹജാതനേകി ഹർഷം. (൨)

അതുപൊഴുതൊരു സുന്ദരാംഗി ജന്യ-
ക്ഷിതിവഴി രാമനിരുന്നിടത്തിലേയ്ക്കായ്
ധൃതിയൊടു നടകൊണ്ടിരുന്നിതു; സ്സ-
ന്മതിയഴൽ വിട്ടിഹ ചിത്തിലേയ്ക്കു പോലെ. (൩)

അവളുടെ കുഴൽ കെട്ടഴിഞ്ഞു ചിന്നി-
പ്പവന വിലോളിതമായ് കിടന്നിരുന്നു;
അവശത പെരുകിത്തദാസ്യമെല്ലാം
ധവളിമയേന്തിയൊരു വാട്ടമാണ്ടിരുന്നു; (൪)

അവളുടെ മിഴി മങ്ങൽ പൂണ്ടിരുന്നു;
ഛവിയൊഴിവായധരം വരണ്ടിരുന്നു;
അവനതതനു ലോലമായിരുന്നു;
സുവിമലമഞ്ജലി ബദ്ധമായിരുന്നു. (൩)

പ്രതിനിമിഷമുയന്ന നെടുത്തിടിപ്പാൽ
ഗതിയിടറിച്ചകിതാക്ഷിപാതമോടേ
സതി രഘുവരനാന്ന പാളയത്തി-
ന്നെതിരിൽ നടന്നു തദേകലക്ഷ്യയായി. (൪)

തടവൊരിടവുമേശിടാതെ നാരീ-
മുടിമണിയാളവളാത്മവാഞ്ഛ പോലെ
ഉടനിനകുലകേതു വാണിരുന്നോ-
രിടമതിലെത്തി വിനീതയായി നിന്നു. (൫)

'ഇവൾ നിശിചരനാഥമായ'യെന്നാ-
പ്ലവഗർ വിശങ്കിതരായ് മിഴിച്ചു നില്ക്കെ,
അവളൊടു രഘുവീര, "നാരു നീ? യീ-
വിവശതയെങ്ങിനെ വന്നു ചൊല്ലുകെ"ന്നാൻ. (൬)

"ശ്രിതജനസഖ, രാമ, കമ്പിടുന്നേൻ
ഹതധവയായൊരനാഥ" നിന്നു വാക്യം;
സുതനു നയനവാരിയെത്തുടച്ചുൽ-
ഗതകഠിനാത്തിയൊടീവിധം തുടന്നു:- (൭)

“ഘവനദരിയിലാജിചെയ്യവേ നി-
ന്നവരജഃനവനെ നിർദ്ദയം ഹനിച്ചു?
അവൻടെ വരധർമ്മപത്നിയായോ-
രിവളയി; കേൾക്ക സുഃലോചനാഭിധാനം. (൨൦)

“ദീനമൻ മഹനീയമായ രാഗം
മനസി വളർന്നനുരൂപഭാവരായി
വിനയൊരണുവുമേശിടാതെന്നീണാ-
ളനവമവൃത്തികൾ ഞങ്ങൾ വാണിരുന്നു. (൨൧)

“വരുമൊരു നിമിഷത്തിനുള്ളിലേലു-
പൊരുളൊരു വിജ്ഞനുമോരുവാൻ ഞെരുക്കം;
ഇരുളുമമലമാം വെളിച്ചവും ചേർ-
ന്നരുളുവതുണ്ടതിലെന്നുമൊപ്പമായി. (൨൨)

“അനഘ, പടയിലററ ഭർത്തൃഹസ്തം
വിനയൊടു വീണളവെൻെറ മുമ്പിലായി
വിനയമൊടു കുറിച്ചു, ‘ശീഘ്രമാന്യേ!
മനുകുലനാഥപദാ ഭജിപ്പിതെ’ന്നായ്. (൨൩)

“അറിക തരിക ജീവിതേശ്വരൻ ത-
ന്നരിയ ശിരസ്സയി, ദീനലോകബന്ധോ!
ത്വരിതമതൊരു ‘കുണ്ഡകണ്ടു’ തീയിൽ
പരിനിപതിച്ചണയട്ടെ തല്പദത്തിൽ.” (൨൪)

പരവശയുടെ കംബുകണ്ഠമശ്രുൽ-
ക്കരപരിരോധവിചേഷ്ടമായ് ഭവിക്കെ,
തരണികുലവരൻ കൃപാർദ്രചിന്താ-
പരനൻതാപമഹാത്ഭുതങ്ങളാന്റ. (൧൫)

"ചരലമിതു ബഹുചിത്രമററ കയ്യ-
ത്തലയുടെ വാർത്ത കുറിച്ചുവെച്ചു പോലും!"
ചില കപികളുരച്ചിതങ്ങു തൂവീ
കലവതിയിൽ പരിഹാസബാണധാര. (൧൬)

"കുടിലദശമുഖാജ്ഞയാൽ ചതിപ്പാൻ
വടിവിതു പൂണ്ട നിശാടനാരിയേ നാം.
ഝടിതി വികൃതയാക്കണം" ചലൽഭ്രൂ-
കുടിയൊടുതാൻ ചില വീരരവമോതി. (൧൭)

പവനജനമുരച്ചു, "പോരിൽ വെന്നു-
ള്ളവരുടെ മാനമെയെടുത്തുവെയ്ക്കുണ്ടോ?
തവ ധവനവനെങ്കിലത്തലയ്ക്കായ്
ജവമൊടു ചെൽക നികുംഭിലയ്ക്കകം നീ." (൧൮)

ഹരികളുടെ വചസ്സിനാൽ മനം വെ-
ന്തെരിയെ നടുങ്ങി വിവർണ്ണനായി നില്ക്കെ,
പരിമൃദുകരുണാമൃതാല്പസൽപ്പു-
ഞ്ചിരിയോടു ചൊല്ലി വിദേഹജാരമണാളൻ:— (൧൯)

"പ്ലവനസുത, സുലക്ഷണാംഗിയാമീ
വിവശയൊടിങ്ങനെ ചൊൽവതെന്തു നീയും?
അവനിയിലളവററ ജന്തുധർമ്മം
നവനവമെപ്പൊഴുതൊക്കെയാരറിഞ്ഞു? (൨൦)

"മതിയഴ, ലയി, സാധ്വി, നിൻവചസ്സിൻ-
ഗതിയിലെഴുന്ന നവീനഭാവമൂലം
ചതി ഹൃദി കരുതാത്തൊരീ വിശിഷ്ടർ-
ക്കതിലൊരു തോററമുദിച്ചതില്ലയിപ്പോൾ. (൨൧)

E.906

"അവനയി, ഭവതീയകാന്തനെന്നാ-
ലിവരെയെൻ ത്തമലക്ഷ്യമൊന്നു കാട്ടി
സുവിദിതചരിതോത്പലയാക നീ; ഞാ-
നിവിടെ വരുത്തിടുവൻ മഹാശ്ലമെതലി" (൨൨)

9467

"ഒരുസതിയിവളെങ്കിലങ്ങുരയ്ക്കു-
ന്നൊരു തെളിവിങ്ങിവിടം കാട്ടുവാൻ ശ്രമിക്കാം."
തരുമിഴി മുഖദർശനസ്പൃഹയാലു-
ള്ളുരുകലൊടിങ്ങനെയോതി നാളശങ്കം. (൨൩)

അരുണകുലവരാജ്ഞയാൽ പ്രഹർഷം
പെരുകി മരുത്സുതനിന്ദ്രവൈരശീർഷം
പുരുജവമവിടെസ്സമാനയിച്ചു-
ങ്ങൊരു മണിപീഠമലങ്കരിച്ചുവെച്ചു. (൨൪)

ഒരു കൊടിയ കിനാവുകണ്ടു ഞെട്ടി-
ക്കരുമന പൂണ്ടവിധത്തിലോമലപ്പോൾ
പെരുകിന ഭയശോകരോഷമോഹാ-
ദ്യുരുതരവിഭ്രമവീചിയിൽക്കുഴങ്ങി. (൨൫)

അരിയൊരിരുളടുത്തു ചുററി മൂടി-
പ്പരിമൃദുളാംഗി വിളർത്തു കാൺമാറായ്;
കരിമുകിൽനിരയാൽ മറഞ്ഞു മങ്ങി-
പ്പുരിചെഴുമാ നവചന്ദ്രലേഖപോലെ. (൨൬)

അനിമിഷനിലയാശ കണ്ണിനേകി;
ജനിതവിഷാദമുദശ്രുപൂർണ്ണമാക്കി;
തുനിവൊടവളവയസ്യകൾ കണ്ടാ-
ളനിഭൃതമക്കണവന്റെയുത്തമാംഗം. (൨൭)

കരളു കരളുമാറു താപമുള്ളിൽ-
ത്തരളതരം തിരതല്ലിടുന്ന മേന്മേൽ;
അരിപരിവൃത, നേരമന്തി, താനോ
തരുണിയവർക്കു നശിച്ചു കൃത്യബോധം. (൨൮)

'അരുതരുതു സഹിപ്പതിന്നു; വാളാ-
ലുരു മമ മന്ദ മറുത്തിടുന്നതാരോ?
തെരുതെരെയനലപ്പൊരിപ്പടർപ്പും-
പ്പുരുഷതയോടു ചൊരിഞ്ഞിടുന്നതാരോ? (൨൯)

'ശിവ ശിവ! മമ വയ്യ കാണ്മതിന്നീ-
യവസിതിയാരു നിനച്ചിരുന്നു മുന്നം?
ഇവളിതു മിഴികൊണ്ടു കാണ്മതിന്നോ
ജവമിഹ വന്നതു പാപചോദനത്താൽ? (൨൦)

E966

'വലവിമതനെയും ജയിച്ചു പോരിൽ
കലവി കലന്നു മദീയജീവിതേശൻ,
പലഗുണനികരത്തിനാകരം; ഹാ!
തലയിലെഴുത്തു പിഴയ്ക്കിലിത്രയാമോ? (൨൧)

'മണിമകുടമിതെൻകരത്തിനാൽ ഞാൻ
ഗുണിതകുതൂഹലമിന്നെടുത്തു നന്നായ്
അണിയുമളവറിഞ്ഞതില്ലതിന്നീ-
ക്ഷണികത വന്നു ഭവിക്കുമെന്നു തെല്ലും. (൨൨)

'പുരികമിതു വളച്ചുകൊണ്ടു കണ്ണോ-
ന്നരിശമൊടൊത്തു മിഴിച്ചു നോക്കിലപ്പോൾ
കരിയിലയുടെ മാതിരിക്കു വീര-
പ്പരിഷകളന്നു പറന്നിരുന്നു നീളെ. (൨൩)

'പ്രതികലമനുരാഗമന്ദഹാസാ-
മൃതമൊഴുകിപ്പരിപൂർണ്ണസോമനെപ്പോൽ
മതികുമുദവികാസമേകിയെന്നെ-
ക്കൃതസുകൃതാഗ്രഗയാക്കിയീ വരാസ്യം. (൨൪)

'ഇത്തു മമ മണിമാല' യെന്നു ചൊല്ലി-
ക്കൗതുകമൊടെൻെറ കർണ്ണങ്ങളിലന്തിയെന്നും
പുതുമയൊടണിയുന്നൊരിക്കുളം ഞാ-
നിതുവിധമെങ്ങനെ കണ്ടിരുന്നിട്ടന്നു?' (൩൫)

ഞൊടിയിടയിലൊരായിരക്കണക്കിൽ
പടിപടിയായുയരുന്ന തോന്നലോടെ
കൊടിയൊരശനിപാതമേററു നിൽക്കും-
പടിയവളങ്ങനെ നിന്നു നഷ്ടബോധ. (൩൬)

അവളുടെ ഹൃദയാന്തരത്തിലേതാ-
ണ്ടവസിതിയാൻ കിടന്നിരുന്നൊരാൾ
അവശതയെയടക്കിയായിരിക്കാം;
അവളുടെ ചിത്തമിവണ്ണമുൽസ്രവിച്ചു— (൩൭)

"മമ ദയിത, മദീയജീവിതത്തി-
ന്നമല, ഭവാനവലംബഭൂതനെങ്കിൽ
ശ്രമമിവളിലിയററിടാതെ പശ്ചാൽ-
ഗമനമതിന്നനുവാദമേകിടേണം. (൩൮)

"തവ കരയുഗമൊന്നു തന്നെയല്ലോ
ധവ, മമ വിശ്രമജീവിതോപധാനം;
പ്രവരമത; തിനുള്ളൊരാ മഹത്വം
നവ; മതുതാനിനി നഷ്ടമായിയല്ലോ. (൩൯)

"പ്രണയമധുരമായ് സ്മിതം പൊഴിച്ചെൻ-
കണ്വ, ഭവാൻ പതിവുള്ളപോലെ തന്നെ
പ്രണയിനിയൊടു ചെയ്ക സമ്മലാപം
ക്ഷണ" മവരം തൻമൊഴി ബാഷ്പരുദ്ധമായി. (൪൦)

പരമൊഴുകിടുമശ്രുവാൽ മുഖത്തിൽ
ചിരമിഴകും കഴൽ മാററി മന്ദമന്ദം
കരയുഗളമുരസ്സൊടൊത്തു ചേർത്ത-
ത്തരളിതചിത്ത തുടർന്നു തൻവിലാപം. (൪൧)

"കരലിഖിതനിയുക്തയായ ഞാനീ
നരവരസന്നിധിതന്നിലന്നിവണ്ണം
പരവശതപിണഞ്ഞു നില്പതാഹാ!
കരളിനൊരാർദ്രത നൽകിടാത്തതെന്തോ! (൪൨)

"ഗുണനിലയനമേ, ഭവാനെ വിട്ടീ
പ്രണയിനിയെങ്ങനെ മന്നിൽ വാണിടുന്നു?
കണ്വ, തരു നശിച്ചു പോകിലുണ്ടോ
തുണ ലതികയ്ക്കു; തു വീഴ്കതന്നെ ചെയ്യും. (൪൩)

"വരചരിത, മദീയമാം സതീത്വം
പരപരിഹാസപരീതമായിടാതെ
ത്വരയൊടു തുണചെയ്ക; ചൊല്ലുകെന്നോ-
ടൊരുനിമിഷം പ്രണയസ്മിതാർദ്രവാക്യം. (൪൪)

“പടയിലയി, ഭവാനു പിൻതുണയ്ക്കു-
നുടയ പിതാവിനൊടോതിടായ്ക, മൂലം
ഭടകുലവര, കോപമെന്നൊടുള്ളിൽ
തടവി വസിക്കുകയായിരിക്കുമോ നീ? (൪൫)

“പരിണയനദിനം മുതൽക്കു നാമി-
ദ്ധരണിയിൽ വാണ വിധത്തിലെങ്ങുമെന്നും
വരസുഖമൊടു വാഴ്‌വതിന്നു പിമ്പേ
വരുമിവളിൽ കന്യേണമിന്നൊരല്പം” (൪൬)

പവിയുമലിയുമാ സ്വരത്തിലീമ-
ട്ടവികലമായവളോതി നിർത്തിയപ്പോൾ
കവിയുമൊരു വിഷാദമുൾഗമിച്ചി-
ട്ടവിടമശേഷമിരുണ്ടപോലെയായി. (൪൭)

ചില നൊടികൾ കഴിഞ്ഞു, മേഘനാദാ-
കുലമുഖമുൾത്രപ പൂണ്ടമട്ടിലായി;
വിലസിയൊരഴലിൻനിഴൽക്കണം; തു-
മലരൊളി പിന്നെയതിൽ പരിസ്ഫുരിച്ചു. (൪൮)

“പരിഭവമിതു പോരുമെൻപ്രിയേ, നി-
ന്നരിയ സതീത്വമഹസ്സു മന്നിലെങ്ങും
നിരുപമരുചിയോടെവക്കുമെന്നും
സ്ഫുരുചിരമാം തെളിവേകി ലാലസിക്കും.” (൪൯)

സ്തനിതതുലിതമായിടുന്ന മന്ദ്ര-
ധ്വനി മധുരാർത്ഥമൊടേവമങ്ങു കേൾക്കെ,
അനിലസുതമുഖപ്ലവംഗഹൃത്ത-
ന്നനിശമൊരത്ഭുതലജ്ജകൾക്കു ഭൂവായ്. (൪൭)

സ്മിതമലിവൊടു തൂവി രാമ;നെന്തോ
പതറിയൊരുള്ളൊടു വാണു തത്സഗർഭ്യൻ;
കൃതവതിയുടെ യാനനത്തിലുണ്ടാ-
യതുലമനന്തരകൃത്യസജ്ജഭാവം. (൪൮)

*    *    *    *

*    *    *    *

RESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

പെരിയൊരനലകുണ്ഡമാ സമുദ്ര-
ക്കരയിലൊരേടമുടൻ സമുജ്ജ്വലിച്ചു;
ഒരു തരുണിയതിന്നടുത്തു നിൽപ്പൂ!!
ഹഹ! ദഹനൻ സതിയാൾക്കു പാൽക്കുഴമ്പാ? (൪൯)

പതിയുടെ മഹിതോത്തമാംഗമാമൽ-
സതി നിജകൈത്തളിർ കൊണ്ടു താങ്ങി മാറിൽ
മതിയിലുയരുമാത്മധൈര്യമാവെൺ
മതിവദനംവഴി കാട്ടിനിന്നു ധീര!! (൫൦)

സ്ഥിരഹൃദയ വിനമ്രയായ് പ്രസന്നാ-
ദരഭരഭക്തികളാർന്നു കൈകൾ കൂപ്പി.
നിരവധി വിധിപോൽ വലത്തുവെച്ചും
ത്വരയൊടു പാവകനോടു ചൊല്ലിയേവം:— (൪൮)

“അനല, പതിവിയോഗഖിന്നയാമി-
ജ്ജനമയി, പാവക, കൈവണങ്ങിടുന്നേൻ;
ഘനദുരിതമൊഴിക്ക ദേവ, ദീനാ-
വനരത, കൈ—” ഹഹ സാദ്ധ്വി-കൃഷ്ണ കൃഷ്ണ!! (൪൯)

*           *           *           *

*           *           *           *

മൃതിയരുണന്നണഞ്ഞതോർത്തു ശോകാ-
ഹതിയൊടു ബാന്ധവവാഹിനിയിങ്കലപ്പോൾ
സതിയെയനുകരിച്ചുതാൻ പതിച്ചാ-
ളതിജവമദ്ദിവസാന്തലക്ഷ്മിതാനും. (൫൦)

പാരന്ധമായ്, ജനമുഴന്നു, സുലോചനാംഗ-
ശ്രീരമ്യഭൂതിയലയായ കരത്തിലേന്തി,
വാരാശിയാശകളെയങ്ങണറിയിച്ചു, വാനിൽ
സ്ഫാരാഭ ചിന്നുമൊരു താരകയുല്ലസിച്ചു! (൫൧)

---

SREE KRISHNA VILASOM GRANDHASALA
MAVINKAL
906

Indic Digital Archive Foundation
gpura.org